"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സഹായിതം- വെളിയന്നൂർ വന്ദേമാതരം വി.എച്ച്.എസ്.എസ്.-ലെ ശ്രീ. ശിവബാബു .എൻ നായർ എന്നവരുടെ ക്ലാർക്ക് തസ്തികയിലെ നിയമനാംഗീകാരം - മാനേജരുടെ റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2551/2024/GEDN തീയതി,തിരുവനന്തപുരം, 04-04-2024

പരാമർശം:-

1. സർക്കാർ ഫയൽ ചെയ്ത WA 1358/2021ലും സമാന റിട്ട് അപ്പീലുകളിലും ഹൈക്കോടതി പുറപ്പെടുവിച്ച 10/11/2021ലെ പൊതുവിധിന്യായം
2. വെളിയന്നൂർ വന്ദേഭാരതം വി.എച്ച്.എസ്സ്- ലെ മാനേജരുടെ 6/2/2023ലെ M1/2023 നമ്പർ റിവിഷൻ പെറ്റിഷൻ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/8/2023ലെ ET2/2649/ 2023/DGE നമ്പർ റിപ്പോർട്ട്
4. സർക്കാർ ഫയൽ ചെയ്ത SLP(C)26680/2022ലും സമാനക്കേസ്സുകളിലും സുപ്രീം കോടതിയുടെ 18/10/2023ലെ വിധിന്യായം

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വെളിയന്നൂർ വന്ദേമാതരം വി.എച്ച്.എസ്.എസ്.മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ ടി സ്കൂളിൽ പ്രൊമോഷൻ മുഖേന ക്ലാർക്കായി നിയമിക്കപ്പെട്ട ശ്രീ.ശിവബാബു എൻ. നായരുടെ നിയമനാംഗീകാരം വിദ്യാഭ്യാസ അധികാരികൾ നിരസിച്ചതിനെതിരെ മാനേജർ പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി.

ടി സ്കൂളിലെ ക്ലാർക്കിന്റെ 30/9/2020-ലെ വിരമിക്കൽ ഒഴിവിലാണ് സ്കൂളിലെ ഓഫീസ് അറ്റെൻഡന്റ് ആയിരുന്ന ശ്രീ. ശിവബാബു എൻ. നായർ 1/1/2021 മുതൽ പ്രൊമോഷനോടെ നിയമിതനായത്. അതിനു മുൻപ് ടിയാൻ ഇതേ സ്കൂളിൽ 9/10/2003 മുതൽ എഫ്.ടി.എം. ആയും 23/10/2007 മുതൽ ഓഫീസ് അറ്റെൻഡന്റ് ആയും ജോലി ചെയ്തു വരികയായിരുന്നു.

ചട്ടം 43 അവകാശിക്ക് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ സ്ഥാനക്കയറ്റം നൽകാനാകില്ല എന്ന കാരണം കാട്ടി വിദ്യാഭ്യാസ അധികാരികൾ മേൽ നിയമനത്തിന്റെ അംഗീകാരം നിഷേധിച്ചതിനെതിരെയാണ് മാനേജർ റിവിഷൻ പെറ്റീഷൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. ശിവബാബു എൻ.നായർ ചട്ടം 43 അവകാശിയാണ് എന്നും സ്റ്റാറ്റ്യൂട്ടറി നിയമമനുസരിച്ചാണ് ടി നിയമനം നടത്തിയിട്ടുള്ളത് എന്നും സമാനമായ ഒട്ടനവധി

കേസുകളിൽ ബഹു: ഹൈക്കോടതിയുടെ വിധിന്യായം ഹർജിക്കാർക്ക് അനുകൂലമായിട്ടാണ് വന്നിട്ടുള്ളതെന്നും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ നിയമനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ ഇപ്പോൾ പ്രാബല്യത്തിൽ ഇല്ല എന്നും റിവിഷൻ പെറ്റീഷനിൽ ബോധിപ്പിക്കുന്നു.

കുട്ടികളുടെ എണ്ണം എത്രയായാലും ഒരു ഹൈസ്കൂളിൽ ഒരു ക്ലാർക്ക് തസ്തിക KER അധ്യായം XXIV ചട്ടം 1 പ്രകാരം നിലനിൽക്കുമെന്നും അതിനാൽ കുട്ടികളുടെ കുറവ് കൊണ്ട് തസ്തിക ഇല്ലാതാകുന്ന സാഹചര്യം അനധ്യാപക തസ്തികകളുടെ കാര്യത്തിൽ ഉണ്ടാകുന്നില്ല എന്നും ഇത്തരം സ്കൂളുകളിൽ ദിവസവേതനത്തിൽ മാത്രമേ നിയമനം സാധ്യമാകൂ എന്ന സർക്കാർ നിബന്ധന അനധ്യാപക തസ്തികൾക്ക് ബാധകമാകില്ലെന്ന് ഹൈക്കോടതി വിധിയുള്ളതാണെന്നും ആയതിനാൽ ശ്രീ. ശിവബാബു എൻ.നായരുടെ ക്ലാർക്ക് നിയമനം അംഗീകരിച്ച് നൽകണമെന്നും റിവിഷൻ പെറ്റീഷനിൽ അഭ്യർഥിച്ചിട്ടുണ്ട്.

പ്രസ്തുത റിവിഷൻ പെറ്റീഷനുമേൽ  പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) ലെ റിപ്പോർട്ടിൽ വെളിയന്നൂർ വന്ദേമാതരം വി.എച്ച്.എസ്.എസ്.മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ ചട്ടം 43 അവകാശിക്ക് ഇത്തരം സ്കൂളുകളിൽ സ്ഥാനക്കയറ്റം നല്കാനാകില്ല എന്ന സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ നിയമനാംഗീകാരം നിരസിച്ചതെന്ന് വ്യക്തമാക്കുന്നു.

**സർക്കാർ ടി വിഷയം വിദ്യാഭ്യാസ ചട്ടങ്ങളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി.**

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച നിരവധി കേസുകൾ സർക്കാരിന്റെ പരിഗണനയിൽ വരികയും ആയത് സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ ഹൈക്കോടതി തലത്തിലും സുപ്രീം കോടതി തലത്തിലും വരെ എത്തുകയുണ്ടായി.

അൺ ഇക്കണോമിക് സ്കൂളുകളിലെ അനധ്യാപക നിയമനം അംഗീകരിക്കുന്ന വിഷയം എസ്. എൽ. പി (സി) നം. 2664-2665/2022 , 3235-3236/2022 & 3239-3240/2022 എന്നീ കേസുകളിലായി ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായിരുന്നു. തുടർന്ന് ഇത്തരം സ്കൂളുകളിലെ എഫ്.ടി.എം. / ഓഫീസ് അറ്റെൻഡന്റ് നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലായിരിക്കണമെന്ന വാദം തള്ളി കൊണ്ട് സുപ്രീം കോടതി 18/10/2023ൽ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

റിട്ട് അപ്പീൽ നം.1358,1346/2021 ലെ പരാമർശം (1) പ്രകാരമുള്ള ഹൈക്കോടതിയുടെ 10/11/2021 ലെ വിധിന്യായം,  ടി വിധിന്യായത്തിനെതിരെ സർക്കാർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത Civil Appeal No.6875-6876 of 2023 [Out of SLP(c) Nos.2664-2665/2022]ലെ 18/10/2023 ലെ വിധിന്യായം എന്നിവ എയ്ഡഡ് സ്കൂളുകളിലെ ക്ലർക്ക് തസ്തികകൾക്ക് ബാധകമാണ് എന്ന് പരാമർശമില്ലെങ്കിലും അനധ്യാപക തസ്തികയിലുൾപ്പെടുന്ന ക്ളാർക്ക് തസ്തികയിലും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 1500 കുട്ടികൾ വരെ ഒരു ക്ലാർക്ക് തസ്തിക അനുവദനീയമായതിനാലും 1500വരെ എത്ര കുട്ടികളാണുള്ളതെങ്കിലും ഒരു സ്കൂളിൽ ഒരു

ക്ളാർക്ക് തസ്തിക അത്യാവശ്യമായതിനാലും മേൽ കോടതിവിധികളുടെ അടിസ്ഥാനത്തിൽ ക്ളാർക്ക് തസ്തികയിലും ശമ്പളസ്കെയിലിൽ നിയമനം അംഗീകരിക്കേണ്ടതായി കാണുന്നു. മാത്രവുമല്ല, മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ നിയമനം നിയന്ത്രിക്കുന്ന സർക്കാർ സർക്കുലറുകൾ അനധ്യാപകരെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നതല്ല എന്ന് ബഹു.ഹൈക്കോടതി, റിട്ട് അപ്പീൽ നം.1358,1346/2021 മറ്റ് ബന്ധപ്പെട്ട കേസുകൾ എന്നിവയിലെ 10/11/2021 തീയതി പുറപ്പെടുവിച്ച പൊതു വിധിന്യായ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, വെളിയന്നൂർ വന്ദേമാതരം വി.എച്ച്.എസ്.എസ്-ൽ ശ്രീ.ശിവബാബു എൻ. നായരുടെ 1/1/2021 മുതലുള്ള ക്ലാർക്ക് തസ്തികയിലെ പ്രൊമോഷൻ നിയമനം അംഗീകരിക്കുവാൻ പാലാ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് അപ്രകാരം മാനേജരുടെ റിവിഷൻ പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

ശ്രീ. ശിവബാബു. എൻ. നായർ, വന്ദേഭാരതം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, വെളിയന്നൂർ പി.ഒ, കോട്ടയം
മാനേജർ, വന്ദേഭാരതം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, വെളിയന്നൂർ പി.ഒ, കോട്ടയം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാല
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Padmakumari B
സെക്ഷൻ ഓഫീസർ
Date: 04-04-2024 14:45:21

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ. യ്ക്ക്